ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പ്രസക്തിയേറുന്ന ദർശന ചികിത്സ

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

ഗണിതശാസ്ത്രത്തിൽ അത്ഭുതാവഹമായ സംഭാവനകൾ നൽകിയ ശ്രീനിവാസ രാമാനുജനാണല്ലോ, മുൻ ഇന്ത്യൻപ്രസിഡന്റ് ശ്രീ.എ.പി.ജെ. അബ്ദുൾ കലാം ഏറ്റവും ആദരവോടെ കരുതിയ ഇന്ത്യൻ ശാസ്ത്രജ്ഞൻ. ശ്രീനിവാസരാമാനുജനെക്കുറിച്ച് റോബർട്ട് കനിഗെൽ എഴുതിയ ജീവചരിത്രത്തിന്റെ പേര് *The Man Who Knew Infinity* എന്നാണല്ലോ. സഭയ്ക്കും ലോകത്തിനും അത്ഭുതാവഹമായ സംഭാവനകൾ നൽകിയ അഭി. ഡോ. പൗലോസ് മാർഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെക്കുറിച്ചും (1922–1996) *അനന്തതയെ അറിഞ്ഞ മനുഷ്യൻ* എന്നു പറയുന്നതു വളരെ അർത്ഥവത്താകും. ശ്രീനിവാസരാമാനുജൻ ഗണിതശാസ്ത്രത്തിൽ ആഴമായ അവഗാഹം നേടിയെങ്കിലും ഇതരശാസ്ത്രങ്ങളിലും ഇംഗ്ലീഷിലും ചരിത്രത്തിലുമൊക്കെ തോറ്റിരുന്നു. എന്നാൽ പൗലോസ് മാർ ഗ്രീഗോറിയോസ് സയൻസിലും, തത്വശാസ്ത്രത്തിലും, ദൈവശാസ്ത്രത്തിലും, വേദപഠനത്തിലും, അനേകഭാഷകളിലും എല്ലാം അഗാധമായ അറിവു നേടിയ ബഹുമുഖ പ്രതിഭയായിരുന്നു. ഈ ക്രാന്തദർശിയുടെ ചരമരജത ജൂബിലി ആഘോഷിക്കുന്നതിന്റെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ പ്രസക്തി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ദർശന ചികിത്സയെക്കുറിച്ച് ഒരു ചെറു വിചിന്തനമാണിവിടെ നടത്തുന്നത്.

മലങ്കര ഓർത്തഡോക്സ് സഭയുടെ കോട്ടയം ഓർത്തഡോക്സ് സെമിനാരിയുടെ പ്രിൻസിപ്പാളും ഡൽഹി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായുമായിരുന്ന അഭി. പൗലോസ് മാർ ഗ്രീഗോറിയോസ് ലോകത്തിന്റെ വിവിധ മേഖലകളിൽ വഹിച്ച സ്ഥാനങ്ങളും ഉത്തരവാദിത്തങ്ങളും അൽഭുതാവഹമാണല്ലോ. രവീന്ദ്രനാഥ ടാഗോറും ഡോ.എസ്. രാധാകൃഷ്ണനും ചേർന്ന് സ്ഥാപിച്ച ഇന്ത്യൻ ഫിലോസഫിക്കൽ കോൺഗ്രസ്സിന്റെ ജനറൽ പ്രസിഡന്റായും സഭകളുടെ ലോകകൗൺസിലിന്റെ (WCC യുടെ) പ്രസിഡന്റായും തിരുമേനി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചത് അവയിൽ ചുരുക്കം ചിലതു മാത്രം. 1979 ൽ യു.എസ് ലെ മാസ്സച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ 500 ഓളം ശാസ്ത്രജ്ഞരും അത്രതന്നെ സാമൂഹ്യശാസ്ത്രജ്ഞരും ദൈവശാസ്ത്രജ്ഞരും ചേർന്ന് ശാസ്ത്രത്തിന്റെയും മനുഷ്യരാശിയുടെയും ഭാവിയെ ലക്ഷ്യമിട്ടു നടത്തിയ സമ്മേളനത്തിന്റെ അഞ്ചുവർഷത്തെ ഒരുക്കത്തിനും അനേക ദിവസങ്ങളിലെ സമ്മേളനത്തിനും അഭി. ഗ്രീഗോറിയോസ് തിരുമേനിയാണ് അദ്ധ്യക്ഷനായി നേതൃത്വം കൊടുത്തത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. നീതിയും സമാധാനവും നിറഞ്ഞ ഒരു ലോകക്രമത്തിനായി നിരായുധീകരണത്തിനും അരോഗ്യമുള്ള ഒരു പരിസ്ഥിതിക്കും മതസൗഹാർദ്ദത്തിനും ഒക്കെ തിരുമേനി നൽകിയ സംഭാവനകളെ ആദരിച്ച്, തിരുമേനിക്ക് ലഭിച്ച അവാർഡുകളും അംഗീകാരങ്ങളും എടുത്തുപറഞ്ഞാൽ അതിനു തന്നെ ഈ കുറിപ്പിന്റെ വിസ്താരം മതിയാകയില്ല.

മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പ്രസിദ്ധ തത്വചിന്തകനായിരുന്ന ശ്രീ.പി.ഗോവിന്ദപിള്ള തിരുമേനിയെക്കുറിച്ച് എഴുതിയ *മാർഗ്രീഗോറിയോസിന്റെ മതവും മാർക്സിസവും* എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു "ലോകമെങ്ങുമുള്ള ക്രൈസ്തവ സഭകളുടെ സംയുക്ത നേതൃത്വത്തിൽ എത്തിച്ചേരാനും ക്രൈസ്തവ സഭകളുടെ എന്നല്ല ഇതര മതവിഭാഗങ്ങളുടെയും മതേതര വിഭാഗങ്ങളുടെയും ഗുരുവും വഴികാട്ടിയും ആയി ഉയരാനും ആ ധിഷണാശാലിക്കു കഴിഞ്ഞു. മതവിജ്ഞാനീയം മാത്രമല്ല ചരിത്രം, സാമൂഹ്യശാസ്ത്രം, ദർശനം, പ്രകൃതി ശാസ്ത്രം തുടങ്ങി വിജ്ഞാനത്തിന്റെ വിവിധമേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഈ തൃപ്പൂണിത്തറക്കാരന്റെ വിശ്വവിജയത്തിന്റെ സാഹസിക കഥ ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസത്തിലെ തിളങ്ങുന്ന ഒരു അദ്ധ്യായമാണ്" (2006, പേജ് 13,14)

2018 ഏപ്രിൽ അവസാനത്തിലെ മാതൃഭൂമി ആഴ്ചപതിപ്പിൽ ടി.പി. രാജീവൻ ‘ചെങ്ങോട്ടുമല’ എന്ന പേരിൽ പ്രസിദ്ധീകരിച്ച കവിതയിലെ ഏതാനും വരികൾ ഇങ്ങനെയാണ്.

ലോകാരംഭത്തിൽ
ദൈവത്തിനൊപ്പം
നടന്നു വന്നതാണ് ഞാൻ
ഇവിടെയെത്തിയപ്പോൾ
ഈ ഭൂമിയ്ക്കും
നിങ്ങൾക്കും
എന്നെ കാവൽ നിർത്തി
ദൈവം പോയി
അന്നു മുതൽ
നിൽക്കുന്ന നിൽപ്പാണ് ഇത്
കണ്ണടയ്ക്കാതെ
തല ചായ്ക്കാതെ
ഉറങ്ങാതെ

ഈ കവി പറയുന്നപോലെ മനുഷ്യർക്കും ഭൂമിക്കും കാവലാളായി ദൈവത്താൽ നിയോഗിക്കപ്പെട്ടു എന്ന ബോധ്യത്തിൽ ഉണർവ്വോടെ പ്രവർത്തിച്ച ശ്രേഷ്ഠ ഗുരുവായിരുന്നു മാർ ഗ്രീഗോറിയോസ്. ഉണർന്നിരിക്കുന്നവൻ എന്നർത്ഥമുള്ള ഗ്രീഗോറിയോസ് എന്ന നാമം അന്വർത്ഥമാക്കി 20–ാം നൂറ്റാണ്ടിന്റെ അവസാന പാതം വരെ ഉണർവ്വോടെ ദർശന ചികിൽസ നടത്തിയ ഈ പിതാവ് നമുക്ക് ഉണർവ്വേകുന്നു.

പ്രസിദ്ധ യഹൂദ പണ്ഡിതൻ Yuval Noah Harari തന്റെ 'Sapiens' എന്ന ഗ്രന്ഥത്തിൽ ഈ ഭൂമുഖത്ത് ഒരു മൃഗമായി തുടങ്ങി ഇതിനെ അടക്കിവാണ് ‘വിനാശകാരിയായ ഒരു ദൈവമായി’ പരിണമിച്ച മനുഷ്യനെക്കുറിച്ച് സവിസ്തരം പ്രദിപാദിച്ചിട്ട് അവസാനം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: "We have mastered our surroundings, increased food production, built cities, established empires and created far-flung trade networks. But did we decrease the amount of sufferings in world?" (p.465) ഇത് അഭി.ഗ്രീഗോറിയോസ് തിരുമേനിയുടെ മനസ്സിലും നിറഞ്ഞുനിന്ന ചോദ്യമായിട്ടു കരുതാം. ഈ പിതാവ് യഥാർത്ഥത്തിൽ ഈ ഭൂമിയിൽ കരുണാമയനായ ദൈവത്തിന്റെ സാന്നിദ്ധ്യമായി തീരേണ്ട മനുഷ്യനെക്കുറിച്ച് ചിന്തിച്ചാണ് രോഗാതുരമായ ലോകത്തിന് ഒരു ആരോഗ്യകരമായ ദർശന ചികിത്സ നടത്തുവാനിറങ്ങിയത്. എന്നാൽ അതിനുള്ള ഒരു അടിസ്ഥാന പ്രചോദനം യേശുക്രിസ്തുവിന്റെ ദൈവരാജ്യ ദർശനം തന്നെ ആയിരുന്നു.

വ്യക്തിപരവും സാമൂഹ്യവുമായ തിന്മകളിൽ നിന്നുള്ള മോചനവും, ദൈവാരാധനയുടെ സന്തോഷവും, ബാഹ്യസമ്മർദ്ധങ്ങൾ കൂടാതെ ദൈവത്തെപ്പോലെ നന്മ ചെയ്യുന്നതുമെല്ലാം ആണ് ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ വളർച്ചയിൽ പ്രകടമാകുന്നത് എന്ന് പറഞ്ഞ് മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ച് നിസ്സായിലെ പ. ഗ്രീഗോറിയോസിന്റെ ദൈവശാസ്ത്ര വെളിച്ചത്തിൽ ആഴമായ പഠിപ്പിക്കലാണല്ലോ മാർ ഗ്രീഗോറിയോസ് നടത്തിയത്.

സുഖാസ്വാദനത്തിന് മൃഗത്തെക്കാളും അധികമായി അടിമയാകാൻ പ്രേരിപ്പിക്കുന്ന ഉപഭോഗസംസ്കാരം നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇന്ന് കൂടുതൽ ശക്തിപ്പെടുകയാണല്ലോ. മാനവീകരിക്കുന്ന അധികാരങ്ങളെയും ശിക്ഷണങ്ങളെയും പോലും വലിച്ചെറിഞ്ഞ് സ്വന്തം തോന്നലുകൾക്കനുസരിച്ച ജീവിതം നയിക്കുന്നതു മാത്രമാണ് സ്വാതന്ത്ര്യം എന്ന ചിന്തയാലുണ്ടാകുന്ന അടിമത്വത്തിന്റെ ദുരന്തമുഖമാണിത്. മറ്റൊരുവശത്ത് അക്ഷരാർത്ഥത്തിൽ തന്നെ മനുഷ്യസ്വാതന്ത്ര്യത്തെ മാനിക്കാതെ മനുഷ്യനെ ദുരിതത്തിലാക്കുന്ന ഭരണകൂട ഭീകരതയും ശക്തിപ്പെടുന്നു. ഈ പശ്ചാത്തലത്തിൽ ഗ്രീഗോറിയൻ സ്വാതന്ത്ര്യദർശനം ഏറെ പ്രസക്തമാകുകയാണ്. സ്നേഹവും നീതിയും സമാധാനവും ഉള്ള ഒരു ലോകത്തെ രൂപപ്പെടുത്തുവാൻ പരിശ്രമിക്കുന്നതും സ്വന്തം ആത്മീയ ജീവിതത്തെപ്പോലും രൂപപ്പെടുത്തുന്നതിന്റെ ഭാഗമാണെന്ന തിരുമേനിയുടെ ചിന്തയും വളരെ ശ്രദ്ധയാകർഷിക്കുന്നതാണ്. വ്യക്തിപരമായ പാപബന്ധനങ്ങളിൽ നിന്നും സാമൂഹ്യതിന്മകളിൽ നിന്നുമുള്ള സ്വാതന്ത്ര്യം മാത്രമല്ലിത്. ദൈവാരാധനയുടെ സന്തോഷവും

പരപ്രേരണകൂടാതെ യേശുവിനെപ്പോലെ നന്മ ചെയ്യുന്നതും എല്ലാം ഈ സമഗ്രമായ മനുഷ്യസ്വ തന്ത്ര്യ ദർശനത്തിൽ പ്രധാനമാണ്

സ്വാതന്ത്ര്യത്തോടു ബന്ധപ്പെട്ട് അധികാരത്തെക്കുറിച്ചും സവിസ്തരം പ്രതിപാദിക്കുന്ന ഗ്രീഗോറിയൻ ദർശനത്തിൽ വിശുദ്ധിയും പരിജ്ഞാനവും സ്നേഹവും നീതിയും നിറഞ്ഞതാണ് അധികാരത്തിന്റെ യഥാർത്ഥമാതൃക. പരിശുദ്ധരുടെ ജീവിതം അടിവരയിടുന്ന ഈ ധിക്കാരമി ല്ലാത്ത ക്രിസ്തു ശൈലിയിലുള്ള അധികാരം അനുസരണം എളുപ്പമാക്കുന്നു എന്നും തിരുമേനി പഠിപ്പിക്കുന്നു. എന്നാൽ പാശ്ചാത്യ സഭയിൽ (യൂറോപ്പിൽ) ഇതിനു വിരുദ്ധമായുണ്ടായ സഭ യുടെ അധികാര ദുരുപയോഗങ്ങൾ സഭയ്ക്കും ദൈവത്തിനും വിരുദ്ധമായ യുക്തിമാത്ര പ്രധാന മായ പ്രബുദ്ധത രൂപപ്പെട്ടു വളരാനും സഭകൾ തളരാനും പശ്ചാത്തലമൊരുക്കിയ കാര്യവും തിരു മേനി വിശകലനം ചെയ്യുന്നുണ്ട്.

മതതീവ്രവാദത്തിന്റെ ഇരുളകറ്റി ലോകസമാധാന വെളിച്ചം വിതറുവാൻ മാർ.ഗ്രീഗോറിയോസ് വളരെ സമയം ചിലവിട്ടതാണല്ലോ. വികലമായ രാഷ്ട്രീയം, മതവികാരങ്ങളെ കൂട്ടുപിടിച്ച് വർഗ്ഗീ യത വളർത്തുന്നതിനെതിരെ ശക്തമായി പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിൽ തിരു മേനി പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. മതങ്ങളിലെ നന്മയുടെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തു വാനും വിവിധ തലങ്ങളിലെ മതാന്തര ചർച്ചകളിലൂടെ നീതിയും സമാധാനവും വളർത്താനും ആവശ്യമായ രൂപരേഖയും ഈ ദർശനം വ്യക്തമാക്കുന്നു. എന്നാൽ ഓരോ മതത്തിലും ഗാന്ധി ജിമാരെ തമസ്ക്കരിക്കുകയും ഗോഡ്സെമാരെ മഹത്വവൽക്കരിക്കുകയും ചെയ്ത് അതാതു മത ത്തിന്റെ പോരാട്ടവീര്യം വർദ്ധിപ്പിക്കുന്ന ഒരു പ്രവണത ഇന്നു ശക്തിയാർജ്ജിക്കുകയാണല്ലോ.

തിരുമേനിയുടെ കാലത്തേക്കാളും അധികം സമൂഹമാധ്യമങ്ങൾ ദുരുപയോഗപ്പെടുത്തി തെറ്റി ദ്ധാരണകൾ പ്രചരിപ്പിച്ച് വിവിധ സമുദായങ്ങൾ തമ്മിൽ വിദ്വേഷം വളർത്തുന്ന ഈ സത്യാനന്തര സൈബർയുഗത്തിൽ വർഗ്ഗീയ വൈറസിനെതിരെയുള്ള ഗ്രീഗോറിയൻ ദർശന ചികിത്സയുടെ പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്. സാമൂഹ്യനന്മയ്ക്കുള്ള പ്രവർത്തനങ്ങളും സാഹോദര്യവും ലക്ഷ്യമിടുന്ന മതസൗഹാർദ്ദ കൂട്ടായ്മകൾ ഭരണകൂടങ്ങളുടെ ആശിർവാദത്തോടെ തന്നെ എല്ലാ യിടങ്ങളിലും രൂപപ്പെടേണ്ടതിന്റെ ആവശ്യകതയും ഈ ദർശനം എടുത്തുപറയുന്നു. ഈയടു ത്തിയിടെ നാർക്കോട്ടിക് പരാമർശത്തോടു ബന്ധപ്പെട്ടു കേരളത്തിൽ നടന്ന ചർച്ചകൾ ഈ ചിന്തയെ കൂടുതൽ നീതീകരിക്കുന്നതായി അനുഭവപ്പെടുന്നു.

വിവിധ മതങ്ങൾ തമ്മിലെന്നതുപോലെ മതലോകവും മതരഹിതലോകവും പൊതുനന്മ യ്ക്കായി കൈകോർക്കാൻ പ്രോത്സാഹിപ്പിക്കുന്ന ദർശനമാണ് തിരുമേനിയുടേത്. മതവിവേചന മില്ലാതെ എല്ലാ മതങ്ങളെയും സമഭാവേന കാണുന്ന ഭരണകൂടനിലപാടുകളെയും മറ്റും കുറി ക്കാനായി 'സെക്കുലർ' എന്ന് ഉപയോഗിക്കുന്നതിനെ അഭികാമ്യമായി കരുതുകയും എന്നാൽ ഇന്ദ്രിയങ്ങൽക്ക് ഗോചരമായ ലോകം മാത്രമേ യഥാർത്ഥമായിട്ടുള്ളു എന്നു കരുതുന്ന സെക്കുല റിസം എന്ന തത്വദർശനം സ്വീകാര്യമല്ലാത്തതുമായ ഒരു വീക്ഷണമാണ് ഈ ഗ്രീഗോറിയൻ ചിന്ത. ഒരു മതത്തിന്റെ ലക്ഷണങ്ങളുള്ള മതവിരുദ്ധമായ ഭൗതീകവാദത്തിനും അഥവാ സെക്കുലറിസ ത്തിനും മറ്റുമതങ്ങളോടൊപ്പം തിരുമേനിയുടെ വിശ്വനാഗരികതയുടെ ദർശനത്തിൽ ഒരു സ്ഥാന മുണ്ട്. എന്നാൽ സർക്കാർ അങ്ങനെയുള്ള ഒരു ഭൗതീകവാദത്തിനുമാത്രം മുൻതൂക്കം കൊടു ക്കേണ്ട ആവശ്യമില്ലാത്തതാണെന്നും എടുത്തു പറയുന്നു.

മതങ്ങളും ശാസ്ത്രവും പ്രത്യയശാസ്ത്രങ്ങളും എല്ലാം മനുഷ്യന്റെ നന്മയ്ക്കും ജീവന്റെ സംരക്ഷണത്തനുമായി സഹകരിക്കുന്നതിനെ കുറിച്ചു പഠിപ്പിക്കുന്ന ഒരു ദർശനമാണിത്. അതേസ മയം ശാസ്ത്രീയഗവേഷണ മാർഗ്ഗങ്ങളിൽ കൂടി മാത്രമേ സത്യം മനസ്സിലാക്കാൻ കഴിയൂ എന്ന അവകാശവാദങ്ങൾക്ക് അടിസ്ഥാനമില്ല എന്നതും വ്യക്തമാക്കുന്നു. തിരുമേനി പ്രത്യയശാസ്ത്ര ങ്ങളിലെ നീതിക്കായുള്ള തൃഷ്ണയെ ആദരിക്കുമ്പോഴും സാക്ഷാൽ ഇ.എം.എസ് നെപ്പോലുള്ള വരോടു പോലും നേരിട്ട് നിരീശ്വരത്വം മാർക്സിസത്തിന് അനിവാര്യമായ ഘടകമല്ല എന്നു പറ ഞ്ഞതും ഓർക്കുന്നു. ആഗോള എക്യൂമെനിക്കൽ അവബോധം ശക്തിപ്പെടുന്ന ലോകത്ത് വിദ്വേ ഷത്തിലും വിഭാഗീയതയിലും തളച്ചിടുന്ന സങ്കുചിത പ്രതിബദ്ധതകളിൽ നിന്നു മോചനം നൽകാൻ പ്രചോദിപ്പിക്കുന്ന വിശ്വനാഗരിക ദർശനം, ജീർണ്ണിക്കുന്ന മതസമൂഹങ്ങൾക്കും പ്രത്യയശാസ്ത്ര ങ്ങൾക്കും ഉള്ള ചികിത്സാ നിർദ്ദേശമായും കരുതാം.

വിശ്വാസികളുടെ പ്രത്യേക വിശ്വാസമൂല്യബോദ്ധ്യങ്ങളോടു വിശ്വസ്തത നിലനിർത്തിക്കൊണ്ടു വേണം ഈ വിശാല ഐക്യ ദർശനത്തിൽ പങ്കുചേരേണ്ടതെന്ന് ഗ്രീഗോറിയൻ ദർശനം ഓർമ്മിപ്പിക്കുന്നു. തിരുമേനി തന്നെ ക്രിസ്തീയ വിശ്വാസത്തോട് പ്രത്യേകിച്ച് അതിന്റെ ഓർത്തഡോക്സ് പാരമ്പര്യത്തോട് ആഴമായ പ്രതിബദ്ധത പുലർത്തിക്കൊണ്ടായിരുന്നല്ലോ മതസംവാദങ്ങളിലും ലോകസമാധാനശ്രമങ്ങളിലും പങ്കുകാരനായത്. *Love's freedom a Grand Mystery* എന്ന തന്റെ ആത്മകഥയിൽ താൻ പഠിച്ചിട്ടുള്ള ലോകോത്തര ഗുരുക്കന്മാരേക്കാളെല്ലാം ഉയർന്ന വ്യക്തിയാണു തന്നെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ നിസ്തുല പുത്രനായ ക്രിസ്തു എന്നും ക്രിസ്തുവാണ് തന്റെ സർവ്വസ്വവും എന്നും തിരുമേനി പറയുന്നു. ആദിമസഭയുടെ വിശ്വാസ പൈതൃകം ഉൾക്കൊണ്ട് തിരുമേനി അടിസ്ഥാന വിശ്വാസ പ്രമാണങ്ങൾക്കും ആരാധനയ്ക്കും നൽകിയിട്ടുള്ള വ്യാഖ്യാനങ്ങളും അതിശ്രേഷ്ഠമാണല്ലോ.

ഇന്നത്തെപ്പോലെ പരിസ്ഥിതി ദൈവശാസ്ത്രമൊക്കെ വളർന്നു വികസിക്കുന്നതിന് നാലഞ്ചു പതിറ്റാണ്ടുകൾക്കു മുമ്പ് തന്നെ ഭൂമിയുടെയും അന്തരീക്ഷത്തിന്റെയും മനുഷ്യരാശിയുടെയും ആരോഗ്യകരമായ ഭാവിയേ ഓർത്ത് തിരുമേനി നടത്തിയ പരിസ്ഥിതി ദൈവശാസ്ത്ര ചിന്തകളും നാളുകൾ കഴിയുന്തോറും കൂടുതൽ പ്രസക്തമായി വരുകയാണ്. ഈ വർഷം (2021) ആഗസ്റ്റിൽ UN ന്റെ Inter Governmental Panel On Climate Change ന്റെ റിപ്പോർട്ട് ആഗോളതാപനം ഉണ്ടാക്കുന്ന ദുരിതങ്ങളെക്കുറിച്ച് പൊതുവായി പറയുന്ന കൂട്ടത്തിൽ കേരളത്തെ സംബന്ധിച്ചു നടത്തിയിട്ടുള്ള പ്രവചനരൂപേണയുള്ള പരാമർശങ്ങൾ പലതും ഇപ്പോൾ തന്നെ യാഥാർത്ഥ്യമായി തുടങ്ങിയിരിക്കുന്നു എന്നത് മലയാളികൾ അനുഭവിച്ചു തുടങ്ങിയിരിക്കുകയാണല്ലോ.

ലോകത്തിൽ വ്യാപിച്ചിട്ടുള്ള പാശ്ചാത്യ ചികിത്സാ രീതിയുടെ പോരായ്മകളും താങ്ങാനാവാത്ത ചെലവും വർദ്ധിക്കുകയും ഹാനികരമായ പാർശ്വഫലങ്ങൾ കൂടുകയും ചെയ്യുന്ന സാഹചര്യത്തിൽ തിരുമേനി നടത്തിയ സമഗ്രസൗഖ്യത്തെക്കുറിച്ചുള്ള പഠിപ്പിക്കലിന്റെ സാംഗത്യവും ഏറിവരികയാണ്.

സമഗ്രതയാണ് ഗ്രിഗോറിയൻ ദർശനത്തിന്റെ വശ്യമായ സൗന്ദര്യം. വാഹനം സ്റ്റാർട്ട് ആകാതെ വരുമ്പോൾ അതിന്റെ ചാവിയെടുത്ത് വർക്ക്ഷോപ്പിൽ കൊടുത്ത് റിപ്പയർ ചെയ്യുന്നതു പോലെയാണ് പല പ്രശ്നങ്ങൾക്കും നാം പരിചയപ്പെടുന്ന ചികിത്സകൾ. ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് അധികം പറയാതിരുന്ന മാർ ഗ്രീഗോറിയോസ്, സോഷ്യലിസത്തെക്കുറിച്ചു വാചാലമായത് ഈ വെളിച്ചത്തിൽ മനസ്സിലാക്കാം. ശാരീരികവും മാനസികവും സാംസ്കാരികവുമായ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ എല്ലാവർക്കും നിറവേറ്റാൻ അവസരം ഒരുക്കുന്ന സോഷ്യലിസം ഈ ദർശനത്തിൽ ഏറെ പ്രിയപ്പെട്ടതാണ്. വിഭവ ഉപഭോഗവും സുഖാസ്വാദനവും ജീവിത ലക്ഷ്യമാക്കുന്ന മുതലാളിത്ത സമ്പ്രദായത്തെ ഈ പിതാവ് ശക്തമായി വിമർശിക്കുകയും ചെയ്തിരുന്നു. വർദ്ധിച്ചു വ്യാപിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളും പാശ്ചാത്യ സംസ്കാരത്തിന്റെ ജീർണ്ണതകളും ഗ്രീഗോറിയൻ ദർശന ചികിത്സയുടെ സാംഗത്യം വർദ്ധിപ്പിക്കുകയാണ്.

തിരുമേനിയുടെ ഓർമ്മയുടെ രജത ജൂബിലിയോടു ബന്ധപ്പെട്ട് ഒരു വർഷത്തേക്കെങ്കിലും തിരുമേനിയുടെ എഴുത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ സഭയുടെ എല്ലാ ഇടവകകളിലുംആദ്ധ്യാത്മിക പ്രസ്ഥാനങ്ങളിലും സെമിനാരികളിലും പഠനവും ചർച്ചയുമാകട്ടെ എന്ന് പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പൊതുസമൂഹത്തിലും ഈ ദർശനം കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

സെമിനാരിയിൽ ഗുരുവും പ്രിൻസിപ്പാളും ആയി പരിചയപ്പെട്ടു തുടങ്ങിയ മാർ ഗ്രീഗോറിയോസ് എന്ന മഹാചാര്യനെ ഞാൻ ഏറ്റവുമവസാനം അടുത്തുകാണുന്നത്, 1996 ൽ നാഗപൂർ സെമിനാരിയുടെ ഒരു ഗവേണിംഗ് ബോർഡ് മീറ്റിംഗ് ഡൽഹിയിൽ നടക്കുമ്പോൾ രോഗഗ്രസ്ഥനായ തീരുമേനി വീൽചെയറിൽ ഇരുന്ന് അതിൽ സംബന്ധിച്ചപ്പോഴാണ്. പുരോഹിതന്റെ പ്രതീകം ഉപയോഗിച്ച് സഭ തന്നെയും ദൈവസന്നിധിയിൽ നിന്നു വിശുദ്ധിയും സ്നേഹവും സകലനന്മകളും ലോകത്തിലേക്കു പ്രസരിപ്പിക്കുന്ന ദൈവത്തിന്റെ കൗദാശിക സാന്നിദ്ധ്യമെന്നു തിരുമേനി പഠിപ്പിച്ചത് അന്നു വീണ്ടും കേൾക്കാൻ കഴിഞ്ഞു. ഇതിനെ നമുക്കു തുടരേണ്ട ദൗത്യത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലായി കണക്കാക്കാം.

ഉറക്കമില്ലാത്ത ഉണർവ്വുള്ളവന്റെ സാന്നിധ്യമായി ഉണർന്നിരുന്ന് സഫലമായ സാക്ഷ്യം നിർവ്വഹിക്കുകയും നമ്മെ ഉണരാൻ പ്രേരിപ്പിക്കുകയും ചെയ്ത മാർ ഗ്രീഗോറിയോസ് എന്ന മഹാചാര്യന്റെ പാവന സ്മരണയ്ക്കു മുമ്പാകെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.